# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ.തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 09**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ആരോഗ്യമുള്ള ഒരു സമൂഹം എല്ലാവരുടെയും ആഗ്രഹമാണ്. സൗഖ്യദായക ശുശ്രൂഷ നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയുടെ സുപ്രധാനഭാഗമായിരുന്നു. ഇന്നും ഈ സൗഖ്യദായക ശുശ്രൂഷ സഭയിലൂടെയും മറ്റ് ആതുര ശുശ്രൂഷാരംഗങ്ങളിലൂടെയും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സഭയിലൂടെ ചെയ്യുന്ന ഈ മഹത്തായ ശുശ്രൂഷയെ ഓർക്കുന്നതിനും, അതിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി 2021 ഫെബ്രുവരി 7-ാം തീയതി മെഡിക്കൽ മിഷൻ ഞായറാഴ്ചയായി സഭ ആചരിക്കുന്നു.

ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല വിദഗ്ദ ചികിൽസ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മാർത്തോമ്മാ മെഡിക്കൽ മിഷൻ ബോർഡിന്റെ ചുമതലയിൽ പ്രധാനമായി കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ, കുമ്പനാട് ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ, ചുങ്കത്തറ മാർത്തോമ്മാ മിഷൻ ഹോസ്പിറ്റൽ എന്നീ ആശുപത്രികൾ പ്രവർത്തിക്കുന്നു. കൂടാതെ വാളകം ജോർജ് ജോൺ അച്ചൻ മെമ്മോറിയൽ ആശുപത്രി, കിടങ്ങന്നൂർ ഗ്രാമോദ്ധാരണമിഷൻ ആശുപത്രി എന്നിവ ലഹരി വിമുക്ത ചികിൽസാ കേന്ദ്രങ്ങളായും നടത്തിവരുന്നു.

250 കിടക്കകളുള്ള കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയിലെ നേത്രചികിൽസാവിഭാഗം, ഡയാലിസിസ് സെന്റർ എന്നിവ എടുത്തു പറയത്തക്കവയാണ്. ആശുപത്രിയോട് അനുബന്ധിച്ച് ബി. എസ്. സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ഹെൽത്ത് വർക്കേഴ്സ് കോഴ്സ്, ബി.എസ്.സി. ഒപ്റ്റോമെട്രി ആൻഡ് ഒപ്താൽ മോളജി, ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി, ബി.ഫാം, ഡി.ഫാം, എം.എസ്.സി. നേഴ്സിംഗ് എന്നീ കോഴ്സുകളിലായി 616 കുട്ടികൾ പഠിക്കുന്നു. പുതുതായി ആരംഭിച്ച കാർഡിയോളജി യൂണിറ്റിൽ ആൻജിയോഗ്രാഫി, ആൻജിയോപ്ലാസ്റ്റി, ബൈപാസ് സർജറി, വാൽവ് മാറ്റിവെക്കൽ ശസ്ത്രക്രിയ എന്നിവ കുറഞ്ഞ ചെലവിൽ ചെയ്യുന്നു.

150 കിടക്കകളുള്ള കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രിയോട് ചേർന്നുള്ള എ.എം.എം. ജിറിയാട്രിക് സെന്ററിന്റെ പ്രവർത്തനങ്ങളും കമ്മ്യൂണിറ്റി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. ജിറിയാട്രിക് സെന്ററിൽ ഇപ്പോൾ 150 അംഗങ്ങൾ താമസിക്കത്തക്കവണ്ണം ക്രമീകരണം ചെയ്തിട്ടുണ്ട്. അബുദാബി മാർത്തോമ്മാ ഇടവകയുടെ സഹായത്തോടുകൂടെ ആശുപത്രിയിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. എം.ആർ.ഐ. സ്കാനിംഗ് സംവിധാനവും, ഫിസിയോതെറാപ്പി കോളജും ആരംഭിക്കുവാൻ താല്പര്യപ്പെടുന്നു.

50 കിടക്കകളോടുകൂടിയ ചുങ്കത്തറ മാർത്തോമ്മാ മിഷൻ ആശുപത്രിയുടെ പ്രവർത്തനങ്ങളും അനുഗ്രഹീതമായി നടക്കുന്നു.

സഭയുടെ സ്പോൺസർഷിപ്പോടുകൂടി വെല്ലൂർ, ലുധിയാന എന്നീ ക്രിസ്ത്യൻ മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകൾക്ക് കുട്ടികൾ പഠിക്കുന്നു.

മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ ചികിൽസാ പദ്ധതികൾ, കുറഞ്ഞചെലവിൽ ഡയാലിസിസ് ചികിത്സ, മൊബൈൽക്ലിനിക്ക്, പാലിയേറ്റീവ് കെയർ, ആംബുലൻസ് സർവ്വീസ്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയിലുടെ സമൂഹത്തിലെ നിർദ്ധനരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ സാധിക്കുന്നു. കറ്റാനത്ത് 12 ഡയാലിസിസ് യൂണിറ്റും കുമ്പനാട്ട് 12 ഡയാലിസിസ് യൂണിറ്റും ചുങ്കത്തറയിൽ 6 ഡയാലിസിസ് യൂണിറ്റും പ്രവർത്തിക്കുന്നു. നിർദ്ധനരായ രോഗികൾക്ക് സൗജന്യമായ ഡയാലിസിസ് ലഭ്യമാകുന്നതിന് സഭാജനങ്ങളുടെ ഔദാര്യപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. ഒരു സൗജന്യ ഡയാലിസിസിന് 750 രൂപ ചെലവാകും എന്ന് ഓർമ്മിപ്പിക്കുന്നു. സംഭാവനകൾ സഭാ ഓഫീസിലേക്കും വ്യക്തികൾക്ക് അയയ്ക്കാവുന്നതാണ്.

2021 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച ആരാധനാമദ്ധ്യേ മെഡിക്കൽ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സ്തോത്രകാഴ്ച സമർപ്പിക്കുകയും ചെയ്യണം. ഈ വർഷം സ്തോത്രകാഴ്ച ഇനത്തിൽ 36 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണം എന്നു ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 ജനുവരി 25-ാം തീയതി,

Theodosius
Malabar

**ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**